പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2729 | 19/12/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണ ഭവന പദ്ധതി

ചോദ്യം | മറുപടി

ശ്രീ.റ്റി.എൻ.പ്രതാപൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എം.എ.വാഹീദ്
ശ്രീ. ലൂഡി ലൂയിസ്

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും
വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗക്കാർക്കുള്ള സമ്പൂർണ്ണ ഭവന പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) & (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സമ്പൂർണ്ണ ഭവന പദ്ധതി എന്ന പേരിൽ ഒരു ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ വകുപ്പിന്റെ പ്ളാൻഫണ്ട്, കോർപ്പസ്സ്/പൂൾഡ് ഫണ്ട്, അടിയപണിയ പ്രാക്തനഗോത്ര-വർഗ്ഗക്കാർക്കുള്ളപ്രത്യേക പാക്കേജ് ആദിവാസി പുനരധിവാസ പദ്ധതി എന്നീ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഈ വിഭാഗത്തിന് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. |
| (ബി) | പദ്ധതി നടപ്പിലാക്കിയപ്പോൾ ഒഴിഞ്ഞുപോയ കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കുമോ; | | |
| (സി) | നിർമ്മാണം തുടങ്ങിവച്ച വീടുകൾ സമയബന്ധിതമായി പൂർത്തിയാക്കുമോ; | (സി) & (ഡി) | നിലവിലുണ്ടായിരുന്ന ഭവന നിർമ്മാണ സഹായമായ 1.25 ലക്ഷം രൂപ 2.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടുള്ള എല്ലാ വീടുകളുടെയും നിർമ്മാണം മാർച്ച് 31 മുമ്പായി തീർപ്പാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗ-സ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ